(ബി) ഗ്രാമ പ്രദേശങ്ങളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ ലക്ഷ്യമിടുന്ന പദ്ധതികൾ സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ.) ദേശീയ തൊഴിലിന് കൂലി ഭക്ഷണം പദ്ധതി എന്നിവയാണ്. എസ്.ജി.ആർ.വൈ. പദ്ധതിപ്രകാരം ഈ സാമ്പത്തിക വർഷം 78,54,000 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ദേശീയ തൊഴിലിനു കൂലിഭക്ഷണം പദ്ധതി പ്രകാരം സൃഷ്ടിച്ച ഗ്രാമീണ തൊഴിൽ ദിനങ്ങളുടെ എണ്ണം കണക്കാക്കിവരുന്നു.

(സി) മേൽപ്പറഞ്ഞ പദ്ധതികളിൽ പ്രധാന മന്ത്രിയുടെ ഗ്രാമ സഡക് യോജന പ്രകാരം 322.682 കി.മീ. റോഡുകളുടെ നിർമ്മാണവും എസ്.ജി.ആർ.വൈ. പദ്ധതി പ്രകാരം 230.660 കി.മീ. റോഡുകളുടെ നിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനുള്ള നീർദ്ദേശങ്ങളിലെ വ്യവസ്ഥകൾ സംസ്ഥാനത്തിന് യോജിച്ച രീതിയിൽ ഭേദഗതി ചെയ്യുന്നതിന് കാലാകാലങ്ങളിൽ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്.

ഗ്രാമവികസന വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ

20(1494) ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പ് ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പാറശ്ശാല, അതിയന്നൂർ, നേമം എന്നീ വികസന ബ്ലോക്കുകളിൽ കഴിഞ്ഞ നാലു വർഷങ്ങൾക്കുള്ളിൽ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കി; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 1. സ്വർണ്ണജയന്തി ഗ്രാമസ്വറോസ്ഗാർ യോജന (എസ്.ജി.എസ്.വൈ)

2. സ്വർണ്ണജയന്തി ഗ്രാമസ്വറോസ്ഗാർ യോജന സ്പെഷ്യൽ പ്രോജക്ട്

3. ഇന്ദിര ആവാസ് യോജന (ഐ.എ.വൈ)

4. സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ)

5. ദേശീയ തൊഴിലിന് കൂലി ഭക്ഷണം പദ്ധതി (എൻ.എഫ്.എഫ്.ഡബ്ലു.പി)

6. പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന (പി.എം.ജി.എസ്.വൈ)

LIBRARY ARCHIVES Kerala Legislative Assembly

7. തരിശുഭൂമി വികസന പരിപാടി (ഐ.ഡബ്ല്യു.ഡി.പി)
8. ഹരിയാലി
9. സമ്പൂർണ്ണ ഗ്രാമീന ശുചിത്വ പരിപാടി
10. ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി (എൻ.ആർ.ഇ.ജി.പി.)

(ബി) വിവരം ശേഖരിച്ചുവരുന്നു.

ഗ്രാമവിസന പദ്ധതികൾ

21(1495) ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതനുശേഷം ഗ്രാമവികസനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) പുതുതായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും എന്നത്തേക്ക് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗ്രാമവികസനവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ കൊടുത്തിരിക്കുന്നു.

1. സ്വർണ്ണജയന്തി ഗ്രാമസ്വറോസ്ഗാർ യോജന (എസ്.ജി.എസ്.വൈ)
2. സ്വർണ്ണജയന്തി ഗ്രാമസ്വറോസ്ഗാർ യോജന സ്പെഷ്യൽ പ്രോജക്ട്
3. ഇന്ദിര ആവാസ് യോജന (ഐ.എ.വൈ)
4. ജവഹർ ഗ്രാമസമൃദ്ധി യോജന (ജെ.ജി.എസ്.വൈ.)
5. തൊഴിലുറപ്പ് പദ്ധതി (ഇ.എ.എസ്)
6. സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ)
7. ദേശീയ തൊഴിലിന് കൂലി ഭക്ഷണം പദ്ധതി.
8. പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന (പി.എം.ജി.എസ്.വൈ)
9. സമ്പൂർണ്ണ ഗ്രാമീണ ശുചിത്വ പരിപാടി
10. തരിശുഭൂമി വികസന പരിപാടി. (ഐ.ഡബ്ല്യു.ഡി.പി)
11. ഹരിയാലി
12. ആർ.ഐ.ഡി.എഫ്. റോഡ് പ്രോജക്ടുകൾ

LIBRARY ARCHIVES Kerala Legislative Assembly